**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3178** **14-02-2024 - ൽ മറുപടിയ്ക്ക്**

**കല്ലുമ്മക്കായ-കടൽമത്സ്യ വിത്തുല്പാദന കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പുതിയങ്ങാടിയിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ലിമിറ്റഡ് മുഖേനയുള്ള കല്ലുമ്മക്കായ-കടൽമത്സ്യ വിത്തുല്പാദന കേന്ദ്രത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ? | (എ) | കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പുതിയങ്ങാടിയിൽ 'എസ്റ്റാബ്ലിഷ്മെന്റ് ഓഫ് മസൽ ഹാച്ചറി ആന്റ് മറൈൻ ഫിൻഫിഷ് ബ്രൂഡ് ബാങ്ക് അറ്റ് പുതിയങ്ങാടി' എന്ന പദ്ധതി നടപ്പാക്കുന്നതിനായി 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഈ പദ്ധതിയിലെ സിവിൽ പ്രവൃത്തികൾ നിലവിൽ 75% പൂർത്തീകരിച്ചു. ഹാച്ചറി കെട്ടിട നിർമ്മാണം, അതിന്റെ ഫിനിഷിംഗ് പ്രവൃത്തികൾ, സംപ് ടാങ്ക്, ചുറ്റുമതിൽ എന്നീ പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളത്. പെയിന്റിംഗ്, പ്ലംബിംഗ്, പമ്പ് ഹൗസ് എന്നീ പ്രവൃത്തികൾ ഏപ്രിൽ മാസത്തോട്ടു കൂടി പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ